# Academic Master Plan

## 2025-26




GLPS Kanatharkunnam

# ആമുഖം

നവകേരള മിഷന്റെ ഭാഗമായ - വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് വേണ്ടിയാണ് ഈ വിദ്യാലയ വികസന രേഖ.

അക്കാദമികമായ മികവാണ് വിദ്യാലയ മികവ്. ഈ കാഴ്ചപ്പാടിലൂന്നി അക്കാദമിക മികവിനാവശ്യമായ പദ്ധതികൾ രൂപീകരിച്ച് അതിനാവശ്യമായ ഭൗതിക സാഹചര്യമൊരുക്കി ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിക്ക് ലഭ്യമാക്കി കുട്ടിയുടെ അറിവിനെയും കഴിവിനെയും അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുക എന്നത് പ്രധാന ലക്ഷ്യമാണ്.

സമൂഹത്തിന്റെ കൂട്ടായ ഉത്തരവാദിത്വത്തിലൂടെ ഈ ലക്ഷ്യങ്ങൾ നേടുക എന്നത് ഈ പദ്ധതിയുടെ പ്രത്യേകതയാണ്.

## ലക്ഷ്യങ്ങൾ

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പഠിതാവിന്റെ സമഗ്രവികാസം (All round development) ആണ്. ഇതിനാവശ്യമായ അനുഭവങ്ങൾ ഒരുക്കിക്കൊടുക്കേണ്ടത് ആവശ്യമാണ്. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് ആർജ്ജിക്കേണ്ട ശേഷികൾ മുൻകൂട്ടി നിർണ്ണയിക്കുകയും അവ നേടാനാവശ്യമായ വിവിധങ്ങളായ പ്രവർത്തനാനുഭവങ്ങൾ ഒരുക്കി നൽകുകയും വേണം.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ്. ഇതിനായി ഭാഷ, ഗണിതം, ശാസ്ത്രം എന്നീ മേഖലകളിൽ വിവിധങ്ങളായ പ്രവർത്തനങ്ങളുടെ ഉള്ളടക്കമാണ് ഈ അക്കാദമിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അധ്യാപകർ, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവരുടെ കൂട്ടായ്മയിലൂടെയാണ് ഇവ നേടിയെടുക്കുന്നത്.

- ഗ്രാമീണ അന്തരീക്ഷത്തിൽ മികവും സൗജന്യമായ വിദ്യാഭ്യാസം എല്ലാ ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
- ദീർഘകാല കാഴ്ചപ്പാടോടെ അക്കാദമിക-

വിതരണത്തിന് ഉപയോഗിക്കുന്ന രീതിയിൽ പഠനാ-ന്തര സൗകര്യങ്ങൾ വർധിപ്പിക്കുക.

- പ്രീ-പ്രൈമറി മുതൽ 4-ാം ക്ലാസ് വരെ-വിദ്യാർത്ഥികളുടെ നിലവാരത്തിന് പാഠ്യപദ്ധതിക്കനുസൃത-മായി പഠനനേട്ടങ്ങൾ ഉറപ്പുവരുത്തുന്ന രീതിയിൽ പ്രവർത്തനങ്ങൾ തയ്യാറാക്കുക.
- അധ്യാപനവും അധ്യയനവും സർഗ്ഗാത്മ-കവും രസകരവുമാക്കുന്നതിനുള്ള പ്രവർത്തന-ങ്ങൾ ഉൾപ്പെടുത്തുക.
- ICT അധിഷ്ഠിത പഠനപ്രവർത്തനങ്ങൾക്ക്-മുൻതൂക്കം നൽകുക.
- കുട്ടികളിൽ മതേതര ജനാധിപത്യ മൂല്യങ്ങൾ-വളർത്തിയെടുക്കുക.
- പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ-ഏറ്റെടുത്തു നടത്തുക.
- കാർഷിക മനോഭാവം വളർത്തുക.
- തൊഴിൽ നൈപുണ്യ പരിശീലനം.
- പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെടു-ത്തുക.

# ഗവ. എൽ. പി. സ്കൂൾ

## കിണറ്റിൻമുകം

### ലഘുചരിത്രം

കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിൽ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിൽ കാരാളി-ഒന്ന് വാർഡിൽ കിണറ്റിൻമുകം എന്ന സ്ഥലത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1945 ൽ കരോട്ട്-വീട്ടിൽ വാടകയ്ക്ക് തുടങ്ങിയ സ്കൂൾ 1947-ൽ നെടുമ്പുറത്ത് രാമൻപിള്ള പാട്ടപ്പുരയ്ക്കൽ-സ്കൂൾ എന്ന കിണറ്റിൻമുകം സ്കൂൾ സ്ഥാപിച്ചു. ആദ്യ കെട്ടിടത്തിൽ ഓല ഷെഡിലായിരുന്നു പഠനം-തുടങ്ങിയത്. പിന്നീട് പല കെട്ടിടങ്ങളിലായി സ്കൂൾ വികസനം നടന്നു. SSA ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടങ്ങൾ പണിതു. SSA ഫണ്ടുപയോഗിച്ച് ഇലക്ട്രിഫിക്കേഷനും-കുടിവെള്ള പദ്ധതിയും നടപ്പിലാക്കി. പഞ്ചാ-യത്ത് ഫണ്ടുപയോഗിച്ച് ചുറ്റുമതിലും നിർമ്മിച്ചു. തുടർന്ന് പഞ്ചായത്ത്, MLA ഫണ്ട് എന്നിവ-യിൽ നിന്ന് കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവ ലഭിച്ചു. നവകേരളത്തിന്റെ ഭാഗമായി സോളാർ-പാനൽ ലഭിച്ചു. ഭൗതിക വികസനം കാലാനുസൃത-മായി തുടരുന്നു.

## വിദ്യാലയം മികവിന്റെ കേന്ദ്രം
## കാഴ്ചപ്പാട്

വിദ്യാലയം മികവിന്റെ കേന്ദ്രമാക്കുക എന്നത് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമാണ്. ഭൗതികവും അക്കാദമികവുമായ പശ്ചാത്തലങ്ങൾ ആസൂത്രിതമായി സമഗ്ര-പരിഷ്കരണത്തോടെ നടപ്പാക്കി കുട്ടികളുടെ അറിവും-കഴിവും അന്തർദേശീയ നിലവാരത്തിലേക്കുയർത്താൻ കഴിയും.

അക്കാദമിക മികവാണ് യഥാർത്ഥ മികവ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഈ വിദ്യാലയം വിവിധ വിഷയങ്ങളിൽ മികവ് ലക്ഷ്യം വയ്ക്കുന്നു. ഭാഷ, ഗണിതം, പരിസര-പഠനം എന്നിവയിലെ മികവിനൊപ്പം തന്നെ-കലാപഠനം, കായികം, സാമൂഹ്യം, ആരോഗ്യ-പൗരബോധം, പരിസര സംരക്ഷണം എന്നിവയിലൂടെ ഈ മികവ് ഉണ്ടാക്കിയെടുക്കുക എന്നത് ലക്ഷ്യം വയ്ക്കുന്നു.

ഭാഷാ പഠനത്തിലൂടെ വായന, എഴുത്ത് എന്നീ പ്രാഥമിക ശേഷികൾ കൂടാതെ. സ്വതന്ത്രമായി ഭാഷണം നടത്താനും സ്വതന്ത്ര-രചന നടത്താനും സർഗ്ഗാത്മക രചന-

നടത്താനും പോഷിപ്പിക്കാനുമുള്ള അന്ത-
രീക്ഷമുണ്ടാകണം. ഇതിന് സഹായകമാ-
കുന്ന സാഹചര്യങ്ങളുണ്ടാകണം. പരിസര-
പഠനത്തിലൂടെ ശാസ്ത്രീയ രീതികൾ പരിചയപ്പെ-
ടാനും ശാസ്ത്രീയ മനോഭാവം വളർത്താനും കഴി-
യണം. ഇതിനായി നിരീക്ഷണം, പരീക്ഷണം,
ലഘു പ്രോജക്ടുകൾ എന്നിവ സ്വതന്ത്രമായി നട-
ത്താനും കണ്ടുപിടുത്തങ്ങൾ നടത്തുന്ന 'കുട്ടിശാസ്ത്ര-
ജ്ഞൻമാരെ' സൃഷ്ടിക്കാനുതകുന്നതാവണം. ഗണിത-
പഠനത്തിലൂടെ ജീവിത ഗന്ധിയായ പ്രശ്നങ്ങൾ
പരിഹരിക്കാനുള്ള ഗണിത ശേഷികൾ നേടാനു-
കഴിയണം.

ഈ നേട്ടങ്ങൾക്ക് സമൂഹത്തിന്റെ
വിവിധ വിഭാഗങ്ങളിൽ നിന്നുള്ള സഹായം-
ആവശ്യമാണ്. 'സമൂഹം സ്കൂളിലേക്ക്',
സ്കൂൾ സമൂഹത്തിലേക്ക്' എന്ന രീതിയിൽ-
ക്കൂടിയ പരിശ്രമത്തിലൂടെ സ്കൂളിനെ മികവിന്റെ
കേന്ദ്രമാക്കാം.

# പദ്ധതിരൂപീകരണ പ്രക്രിയ

- SRG യോഗത്തിൽ സ്കൂൾ മാസ്റ്റർ പ്ലാൻ-ഡ്രാഫ്റ്റ് അവതരിപ്പിക്കലും ചർച്ചയും.
- സ്കൂൾ- വിഷയം അടിസ്ഥാനത്തിൽ ഭൗതിക- അക്കാദമികം, സാമൂഹികം എന്നിങ്ങനെ തരം-തിരിച്ച പ്രവർത്തനങ്ങളുടെ കരട് രൂപീകരിക്കൽ
- കരട് രൂപരേഖ, SRG, SMC, രക്ഷിതാക്കൾ ജനപ്രതിനിധികൾ എന്നിവരുടെ മുൻപിൽ-അവതരിപ്പിക്കൽ.
- നിർദേശങ്ങൾ കൂട്ടിച്ചേർക്കൽ.
- SMC യുടെ നേതൃത്വത്തിൽ ക്രോഡീകൃത-പദ്ധതിരേഖ തയ്യാറാക്കൽ.

# അക്കാദമികം - നേട്ടങ്ങൾ

പഠനത്തിൽ ഈ വിദ്യാലയം മികച്ച നിലവാരം പുലർത്തുന്നു. പഞ്ചായത്ത് തലത്തിലും സബ് ജില്ലാ തലത്തിലും നിരവധി നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. സ്കൂൾ തലത്തിൽ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് പ്രവർത്തിക്കുന്നു. വിവിധ ക്ലബ്ബുകൾക്ക് വിദ്യാരംഗം, ശാസ്ത്ര-ഗണിത, ശാസ്ത്ര ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ് അധ്യാപകർ നേതൃത്വം നൽകുന്നു.

സ്കൂളിന്റെ തനത് പരിപാടികളായ വളരുന്ന ക്വിസ്, ഹലോ ഇംഗ്ലീഷിലും പത്ര, കയ്യെഴുത്ത് മാസിക, ലൈബ്രറി പുസ്തകങ്ങളുടെ വായനാക്കുറിപ്പ് തയ്യാറാക്കൽ, സാമൂഹ്യ-പാഴ്ത്ത വസ്ത്രങ്ങളുടെ നിർമ്മാണം പരിശീലിപ്പിക്കുന്ന 'കയർ ചവിട്ടി നിർമ്മാണം' എന്നിവയും നടത്തുന്നു. കൂടാതെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്രദർശനം, ചിത്രരചന, ക്വിസ് മത്സരം, പോസ്റ്റർ നിർമ്മാണം എന്നിവയും നടത്തുന്നു. വിദഗ്ധരെ ഉപയോഗപ്പെടുത്തി കഥ, കവിത,

പരിശീലനങ്ങൾ, ഗണിത ശാസ്ത്ര ഉപകരണ നിർമ്മാണം എന്നിവയും നടത്തുന്നു.

## സാമൂഹ്യ പങ്കാളിത്തം

സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പഠന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും SMC, മാതൃസമിതി, ഗ്രാമ പഞ്ചായത്ത്, പൊതുജനങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ സജീവ ഇടപെടൽ എപ്പോഴുമുണ്ട്.

## അക്കാദമികം - പരിമിതികൾ

- ക്ലാസ്സ് ലൈബ്രറികൾ ശാക്തീകരിക്കേണ്ടതുണ്ട്
- ലൈബ്രറി പുസ്തകങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.
- കലാ കായിക പരിശീലനം മെച്ചപ്പെടുത്തണം.

അക്കാദമിക മാസ്റ്റർ പ്ലാൻ

നാലാം ക്ലാസ്

ഗവ. എൽ. പി. എസ്

ഓലന്നാർകുളം.

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| വായന. മലയാളം തെറ്റുകൂടാതെയും അക്ഷര സ്ഫുടതയോടെയും അനായാസമായി വായിക്കാൻ | ക്ലാസ്സ് ലൈബ്രറി വികസനം അമ്മ വായന വായനാ കാർഡുകൾ തയ്യാറാക്കൽ | ജൂൺ. | അധ്യാപകർ CPTA | PTA അധ്യാപിക. |
| ലേഖനം വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കുക. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട രചനകൾ തയ്യാറാക്കൽ പരിസ്ഥിതി ദിനം, വായനാ ദിനം ഹിരോഷിമ, നാഗസാക്കിദിനം | ജൂൺ - ആഗസ്റ്റ് | അധ്യാപിക | CPTA. |
| ലേഖനം. അക്ഷരം തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കൽ | ദിനാചരണങ്ങൾ. സ്വാതന്ത്ര്യ ദിനം അധ്യാപക ദിനം | ആഗസ്റ്റ് സെപ്റ്റംബർ | | |

| | | | | |
|---|---|---|---|---|
| | ഒക്ടോബർ<br>ഗാന്ധിജയന്തി (ക്വിസ്)<br>തപാൽ ദിനം (കഥ)<br>നവംബർ<br>കേരളപ്പിറവി (പ്രസംഗം)<br>ശിശുദിനം (പ്രസംഗം) | ഒക്ടോബർ<br><br><br><br>നവംബർ | | |
| സർഗാത്മക പ്രകടനം. | കുട്ടികൾ തയാറാക്കിയ വിവിധ വ്യവഹാര- രൂപങ്ങൾ അവതരിപ്പിക്കൽ | അധ്യയന വർഷം മുഴുവൻ | CPTA. | - |
| | | | | |

# ഗണിതം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു. | ജിയോ ടെംപ്ലേറ്റ് ഈർക്കിലുകൾ, കമ്പുകളു ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു | ജൂൺ ജൂലൈ | അധ്യാപിക PTA | PTA. |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാ പാറ്റേണുകൾ, നാണയങ്ങൾ, കറൻസി നോട്ടുകൾ | ആഗസ്റ്റ് | അധ്യാപകർ | ഇല്ല. |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുന്നു. | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്തംബർ | അധ്യാപിക | |
| സങ്കലനം, വ്യവകലനം ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കൽ | മനക്കണക്കുകൾ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ നവംബർ | അധ്യാപകർ | |

| | | | |
|---|---|---|---|
| ഗുണന വസ്തുതകൾ നേടൽ. | മനക്കണക്കുകൾ ഉൾപ്പെടുത്തി | ഒക്ടോബർ നവംബർ | അദ്ധ്യാപകൻ |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | നിത്യജീവിതവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ, ICT വിഭവങ്ങൾ ഉപയോഗിച്ച് | ഡിസംബർ മാർച്ച് | അദ്ധ്യാപകൻ |

# പരിസര പഠനം.

(1)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് അവബോധം ഉണ്ടാക്കുക. ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ. പ്രകൃതി നടത്തം പഠനം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം | ജൂൺ ജൂലൈ | അധ്യാപകർ | |
| പ്രകൃതി സംരക്ഷണം. | മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക. മഴക്കുഴി നിർമാണം. വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ സേനക്ക് കൈമാറൽ. | ആഗസ്റ്റ് സെപ്റ്റംബർ | അധ്യാപകർ PTA ഹരിത കർമ സേന PTA. | |

| | | | | |
|---|---|---|---|---|
| വ്യക്തി ശുചിത്വം. | കൈ കഴുകൽ - പരിശീലനം<br>പോസ്റ്റർ നിർമ്മാണം<br>ശുചിത്വ സന്ദേശങ്ങൾ<br>വിദ്യാലയത്തിലെ<br>വിവിധ ഇടങ്ങളിൽ<br>പതിക്കൽ | സെപ്തംബർ<br>ഒക്ടോബർ | JRC യൂണിറ്റ്<br>അധ്യാപകർ. | |

# ENGLISH

| Aims. | Activities | Duration | Charge | Economic Source |
| --- | --- | --- | --- | --- |
| To study alphabets | Pre test<br>Write simple words | June - July | Teacher | PTA |
| To study, write and read simple ~~sentences~~ vowels | Circle the words from TB and read | August September | Teacher parents | - |
| Create more opportunity for English speaking in the class room | Simple Command and instructions in the classroom like<br>Good morning<br>Raise your hand<br>Look here<br>Don't make noise<br>Say it again<br>etc. | Academic year | Teacher Students parents | |

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

ക്ലാസ് : 2.

GLPS. കണ്ണോത്താർകുന്നം.

2025 - 26.

# മലയാളം

## ആമുഖം:

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ:

★ രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള

ശേഷി നേടുന്നതിന്:

* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
* ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
* ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

മുന്നൊരുക്കം:

- പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
- കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്നോക്ക കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം:-

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

ജൂൺ

- ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
- ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ.
- വായനാസാമഗ്രികൾ നിർമിക്കൽ
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

## ജൂലൈ

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
- സ്കൂൾ ലൈബ്രറി ക്ലാസ്ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

## ആഗസ്ത്

- ക്ലാസ് ലൈബ്രറി പ്രവർത്തന ക്ഷമമാക്കൽ.
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- വീട്ടു ലൈബ്രറി ഒരുക്കൽ.
- ചിത്ര വിവരണം.
- വായന തലത്തിൽ എന്തിച്ച് വ്യത്യസ്ത
- വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.

## സെപ്റ്റംബർ

വായിക്കുറിപ്പ

## ജൂലൈ:

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

## ആഗസ്റ്റ്:

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- വീട്ടുലൈബ്രറി ഒരുക്കൽ
- ചിത്ര വിവരണം
- വായനതലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.

## സെപ്റ്റംബർ:

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
- വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ
- വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

ഒക്ടോബർ:

+ കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.
+ വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു.

ഉദാ:- ആന
വലിയ ആന
കറുത്ത വലിയ ആന

നവംബർ:

+ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ:

+ ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
+ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി :-

+ വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ.
+ ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി :-

+ എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചുവെന്നുള്ളത് ഉറപ്പു വരുത്തൽ (ഭാഷണം, ലേഖനം)
+ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ

മാർച്ച്:

+ വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ
+ ഓരോ കുട്ടിക്കും ഓരോ കയ്യെഴുത്തു മാസിക, പതിപ്പ് തയ്യാറാക്കൽ
+ വീട്ടു വായന, കൂട്ടു വായന, നാട്ടുവായന, അമ്മ വായന, ചിത്ര വായന പ്രോത്സാഹിപ്പിക്കൽ

x ——— x ———

# ഗണിതം

ആമുഖം:

ഗണിതപഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് ഇതിൽ കണ്ടുകൊണ്ട് തന്നെയാണ് ഗണിത പഠനം ഇതോടൊപ്പം വന്നത്. ഓരോ പഠന മേഖലയിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത്.

പ്രവർത്തന ലക്ഷ്യങ്ങൾ:

രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.

സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരും നേടിയെടുക്കുക.

ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.

ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു (100ന് താഴെ)

ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂടിയാൽ

വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ.
പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്താൻ.

മുന്നൊരുക്കം:
ഗണിതാശയങ്ങളിൽ കൂടി കൈവരിച്ചവ തിരിച്ചറിയൽ - പ്രവർത്തനങ്ങൾ നടത്തുന്നു.
പ്രവർത്തന ലക്ഷ്യം:
പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

ജൂൺ:

1, 2, 3, 4 ....
1, 3, 5, 7 ...
10, 20, 30, 40 ...
5, 10, 15, 20 ...
2, 4, 6, 8 ... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ.

ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാകൽ.

ജൂലൈ :

ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽ പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർന്ന് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.

ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ

പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർന്ന് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

ആഗസ്റ്റ്:

വിവിധ പാറ്റേണുകൾ രൂപീകരിക്കൽ

സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ.

99 നോട് 1 കൂട്ടിയാൽ 100

10 പത്തുകൾ ചേർന്നാൽ 100 ആകും

100 ഒന്നുകൾ ചേർന്നതാണ് 100

ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

സെപ്റ്റംബർ:

ഗണിതത്തിലെ സാധനങ്ങൾ നിരത്തി
പ്രായോഗിക പ്രശ്നം പരിഹരിക്കൽ.
വിലവിവരപ്പട്ടിക തയ്യാറാക്കൽ
ക്ലാസിലൊരു കട, സ്കൂളിലൊരു കട,
ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ
ഉറപ്പിക്കുന്നു.

ഒക്ടോബർ:

രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക
പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന
പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.
സംഖ്യാപാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണി
ലെ സംഖ്യകൾക്ക് നിശ്ചിത ബന്ധമുണ്ടെന്ന്
കണ്ടെത്തൽ), പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ.
5, 10, 15, 20, 25 (5 വീതം കൂട്ടിയാൽ
പ്രശ്ന വിശകലനം ചെയ്യാം)

നവംബർ:

സ്ഥാനവില തിരിച്ചറിയൽ. (ഒറ്റ, പത്ത്)

പ്രായോഗിക പ്രശ്ന പരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ.

ക്ലാസിനൊരു കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ

നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കളിപ്പെട്ടി സംഖ്യ രൂപീകരിക്കൽ 15 രൂപ + 5 രൂപ = 15 രൂപ നോട്ട്, നാണയം.

ഡിസംബർ:

സംഖ്യാബോധം തിരിച്ചറിവിൽ - സംഖ്യാവ്യാഖ്യാന ഉറപ്പാക്കൽ.

സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ.)

രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി:

വില വിവരപ്പട്ടിക തയ്യാറാക്കൽ, വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ, പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

സങ്കലന-വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന
പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു

ഫെബ്രുവരി:

ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളക
ളിൽ ഗണിതാലാപനം നടത്തൽ
ഗണിതകിറ്റ് ഉപയോഗിച്ച് ഗണിത പ്രശ്ന
ങ്ങൾ പരിഹരിക്കൽ.
ഗണിതപഠനം കളിരീതിയിൽ ഉറപ്പാക്കി
വിജയം കൈവരിക്കൽ

മാർച്ച്:

കലണ്ടർ പതിപ്പ് തയാറാക്കൽ.
കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത
അക്കങ്ങളും തിരിച്ചറിവ്.
മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
കലണ്ടർ സംഖ്യാബന്ധങ്ങൾ, പാറ്റേണുകൾ ആവി
ഷ്കരിക്കൽ.
കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ
ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ
കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക

# ENGLISH

Aim :-

To speak, read and write English without any mistakes.

Time :- June to

June :-

Pretest

To develop listening skills and reading skills first.

Listening skills - Games, Action songs, conversations, skit, stories.

Use ICT

Speaking skills - Descriptions, growing sentences, picture reading, picture description self introduction, Assembly activities, speech, book review, quiz, riddles, etc.

July & August :-

Reading skills - News paper reading, library books reading, find words, rhyming words, text book activities

writting skills- Make word web, picture description, word chain, sentence chain, make words and sentences, make riddles, conversations, add more line, develop story description, etc.

## September:

Develop the creative speaking and writing

Reading skills.

- News paper reading, library book reading
- Find words
- Collect words
- Rhyming words, describing words etc.
- Textbook activities.

Writting skills:

Make word web, picture description with describing words, word chain, sentence chain, make words and sentences, make riddles, conversations, add more lines.

Activities : speech, quiz riddles, self introduction, makes description magazines etc

October and November:

To express thoughts, feelings etc

Reading skill-

News paper reading, library book reading, conversations, skit, stories use ICT, reads story, develop story.

Writing skills -

Make word web, picture description with describing words, word chain sentence chain, make words and sentences make riddles, conversations, add more lines

Activities.

Speech, riddles, self introduction, makes description etc

December and January.

1. Develop the creative speaking and writing
2. To express thoughts feelings etc.

Reading skill:
News paper reading, conversations, skit, stories use ICT materials, develop story, reads diary, read stories

Writing skill:
Diary, letter, announcement.

Activities:
speech, quiz riddles, skits, etc

February and March:

1. To improve the presentation power.

Reading skill:
News paper reading, conversations, skit, stories use ICT materials, reads breaking news, develop story, reads diary.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## Class : 1

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | 1) ഭാഷ കളരി കുട്ടികളിലും പാട്ടുകളും കഥകളുമായി കൂടി കൂട്ടങ്ങൾ - സംഘടിപ്പിക്കൽ | സെപ്തംബർ<br>ഒക്ടോബർ | ക്ലാസ് ടീച്ചർ<br>SRG<br>SMC<br>സ്കൂൾ വികസന സമിതി | SMC |
| | 2. അമ്മ പറയട്ടെ<br>അമ്മമാർ കുട്ടികൾക്ക് കഥകൾ പറഞ്ഞു കൊടുക്കുന്നു. ശേഷം കുട്ടി അവതരിപ്പിക്കുന്നു. | ജൂലൈ<br>ഡിസംബർ<br>ജനുവരി<br>മാസത്തിൽ ഒരിക്കൽ. | | മദർ PTA |

മേഖല : അക്കാദമികം
ഉപമേഖല : ഗണിതം
ക്ലാസ് : 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലും നിർമ്മാണ-പ്രവർത്തന-ങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം.<br>3) ഗണിത ക്ലബ്ബ് ഗണിതപ്രവർ-ത്തനങ്ങൾ - കളിയിലൂടെ | ജൂൺ - മാർച്ച്<br>സെപ്തംബർ<br>മാസത്തിൽ ഒന്നുവീതം | P.T.A<br>ക്ലാസ് ടീച്ചർ<br>S.R.G ക്ലാസ് ടീച്ചർ | S.S.A |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

ക്ലാസ് : I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാൻ അവസരം ഒരുക്കൽ | കാർട്ടൂൺ - പ്രദർശനം സിനിമ - പ്രദർശനം | മാസത്തിൽ ഒന്ന് | S.R.G ക്ലാസ്ടീച്ചർ | S.S.A |

# അക്കാദമിക മാസ്റ്റർപ്ലാൻ

ക്ലാസ്സ് : IV

ജി. എൽ. പി. എസ്.

കണ്ണത്തുംകുന്നം.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് : IV

## വിഷയം : മലയാളം

### മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | |
|---|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നതുവരെ | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട് | |

### വായിക്കാം വളരാം.

| | | | | | |
|---|---|---|---|---|---|
| വായന ശേഷി വളർത്തൽ | ക്ലാസ് വായനക്കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, വായനക്കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം, ദിനങ്ങളിലെ വായന | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ CPTA | PTA | |

### എഴുതാം തെളിയാം.

| | | | | | |
|---|---|---|---|---|---|
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും ഉന്നിയ ശേഷികൾ. | പ്രതിമാസം | SRG ക്ലാസ് ടീച്ചർ | PTA | |

### എഴുത്തുകാരുമായി സംവദിക്കൽ

| | | | | | |
|---|---|---|---|---|---|
| ലേഖനശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരുമായി അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | | |

| | | | | മാസം |
|---|---|---|---|---|
| **കണ്ടറിയാം കേട്ടറിയാം...** | | | | |
| അറിവ് ശേഖരിക്കുന്നതിനുള്ള ശേഷി (ICT) | പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ, സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ക്ലാസ് ടീച്ചർ | PTA | ആഗസ്റ്റ് മാസം |
| **ആഴിയറിയാം...** | | | | |
| നമ്മുടെ ചുറ്റുമുള്ള ഭക്ഷണം പരിചയപ്പെടൽ | ഭക്ഷ്യമേള പോഷക ഗുണങ്ങൾ പതിപ്പ് നിർമ്മാണം ക്ലാസിലൊരു സദ്യ. | SRG<br>ക്ലാസ് ടീച്ചർ<br>PTA | | വർഷത്തിലുടനീളം |
| **ഓർക്കാം - അറിഞ്ഞിരിക്കാം സാഹിത്യകാരന്മാരെ.** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, അനുസ്മരിക്കൽ | ദിനാചരണങ്ങൾ, അനുസ്മരണം, ശേഖരിച്ചതിന്റെ പ്രദർശനം, വ്യക്തി പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം പ്രദർശനം. | SRG<br>ക്ലാസ് ടീച്ചർ<br>CPTA | | ആഗസ്റ്റ് മാസം |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സംവാദം, ക്ലാസ് മുറിയിലേക്ക് കലാകാരനെ, കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ, പ്രദർശനം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA | വർഷത്തിലൊരിക്കൽ |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാപഠനത്തിന്റെ ഭാഗമായി ശേഷികൾ വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നത് | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA | വർഷത്തിലൊരിക്കൽ |

## വിഷയം :- ഇംഗ്ലീഷ്

| | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി [ഇംഗ്ലീഷ് ഭാഷാ പഠനം]** | | | | |
| ഇംഗ്ലീഷ് ഒഴുക്കോടെ വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി വർദ്ധിപ്പിക്കൽ. | ആഴ്ചയിൽ രണ്ട് ദിവസം അസംബ്ലി ചേരൽ [നിയന്ത്രണം കുട്ടികൾക്കായിരിക്കും] | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി [ഇംഗ്ലീഷ് ഭാഷാ പഠനം]** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുന്നു. | ആഴ്ചയിൽ രണ്ട് ദിവസം [വർഷം മുഴുവൻ] | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ [ഇംഗ്ലീഷ് ഭാഷാ പഠനം]** | | | | |
| സർഗ്ഗാത്മകത പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ ആസ്പദമാക്കി അവതരിപ്പിക്കൽ ( skit, drama, conversation, story-telling] | മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | SMC |
| **ഇംഗ്ലീഷ് മാഗസിൻ.** | | | | |
| സർഗ്ഗാത്മക രചനാ ശേഷി വികസിപ്പിക്കൽ. | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ. | മൂന്ന് മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | SMC |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് കൈയെഴുത്ത് | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാവികാസ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ വാർത്തകൾ ഉൾക്കൊള്ളിച്ച് സുവനീറുകളായി [illegible] | മാസത്തിലൊന്ന് | ക്ലാസ്സ് ടീച്ചർ | SMC |
| ഇംഗ്ലീഷ് കോർണർ | | | | |
| വായനാ പരിപോഷണം. | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ. വായനാവേള ഒരുക്കൽ വായനാക്കുറിപ്പ് പുസ്തക പരിചയം. | രണ്ടാഴ്ചയിലൊരിക്കൽ. | ക്ലാസ്സ് ടീച്ചർ | രക്ഷിതാക്കൾ |
| ഇംഗ്ലീഷ് ഫെസ്റ്റ്. | | | | |
| ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | അവധിക്കാലം | ക്ലാസ്സ് ടീച്ചർ | |

കളിക്കാം, ഗണിതം ... **വിഷയം :- ഗണിതം**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ [ക്ലാസ് റൂമിനെ ലളിതമാക്കൽ] | വിവിധ ഗണിതകളികൾ- [illegible] സൂത്രങ്ങൾ ആശയനിർണയം [illegible], [illegible] കളി] സങ്കലനം - വ്യവകലനം കളികളിലൂടെ] | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം . . . . . | | | | |
| ഗണിതശാസ്ത്ര പഠനം രസകരമാക്കൽ - കര - [illegible] ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമാണം, പ്രദർശനം . . | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | PTA |
| ഗണിതലാബ് . . . . . | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ, പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| ഗണിതചുമർ . . . . . . | | | | |
| ഗണിത ആശയങ്ങളുടെ പ്രായോഗിക തലത്തിൽ അറിയൽ | ഗണിത ചുമർ ഒരുക്കൽ, ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത പഠനോപകരണ ശില്പശാല . . . . . . | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമാണം, പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| ഗണിതമേള . . . . . . | | | | |
| ഗണിതമേളകളുടെ നടത്തിപ്പ് | പ്രോജക്ട് [illegible] പാഠഭാഗങ്ങൾ പഠനഉൽപ്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | SRG ക്ലാസ് ടീച്ചർ | PTA |

# വിഷയം:- പരിസര പഠനം

| | | | | |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സഹായത്തിന് |
| നിരീക്ഷണ ശേഷി വർദ്ധിപ്പിക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട് വിവിധ ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | HM<br>CPTA | SMC |
| **ശാസ്ത്രമേള** | | | | |
| [illegible] | ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഉൾപ്പെടുത്തി പ്രദർശനം സംഘടിപ്പിക്കുന്നു | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | SMC<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| [illegible] | വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മേഖലയിലെ പ്രവർത്തനങ്ങൾ, ലോക്കൽ സ്ഥാപനങ്ങൾ എന്നിവ സന്ദർശിക്കുന്നു | ആവശ്യാനുസരണം | HM<br>SRG<br>ക്ലാസ് ടീച്ചർ | SMC<br>രക്ഷിതാക്കൾ |
| **[illegible]** | | | | |
| [illegible] | [illegible] | വർഷത്തിലൊരിക്കൽ | SRG<br>ക്ലാസ് ടീച്ചർ | SMC |
| **ശാസ്ത്രവിസ്മയങ്ങൾ** | | | | |
| [illegible] | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട് വാർത്തകൾ വിശകലനം ചെയ്ത് പ്രസിദ്ധീകരിക്കുന്നു | ആവശ്യാനുസരണം | SAG<br>ക്ലാസ് ടീച്ചർ | SMC |
| **ശാസ്ത്രോത്സവം** | | | | |
| [illegible] | പതിപ്പ്, ചാർട്ട് നിർമ്മാണം, പഠനോപകരണ നിർമ്മാണം, പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SAG<br>ക്ലാസ് ടീച്ചർ | SMC |
| **ശാസ്ത്രമാസിക** | | | | |
| [illegible] | ശാസ്ത്രമാസികയുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SAG<br>ക്ലാസ് ടീച്ചർ | SMC |

# Academic Master Plan

2025-26



# ARABIC

GLPS Kanatharkunnam

# ആമുഖം

ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെ Listening, Speaking, Reading, Writing എന്നീ നാല് ഭാഷാശേഷികൾ പ്രാഥമികവും ലളിതവുമായ ഒരു അടിത്തറ ഉണ്ടാക്കാൻ കുട്ടികൾക്ക് ആവശ്യമായ ആസൂത്രണങ്ങളാണ് ഈ മാസ്റ്റർ പ്ലാനിൽ രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഭാഷ സ്വതന്ത്രമായി ഉപയോഗിച്ചാൽ അതുവഴി കുട്ടികളിൽ ആത്മവിശ്വാസം ഉണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്. ഭാഷാ പഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ പരമപ്രധാനമാണ്.

ഭാഷാ പഠനത്തിൽ ആർജ്ജിത ശേഷികൾ കൈവരിക്കുന്നതിനും അറബി ഭാഷാ പഠനം ലളിതവും സരളവും ആക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനാണ് ഈ മാസ്റ്റർ പ്ലാൻ പ്രാമുഖ്യം നൽകുന്നത്.

**സുമതി ജി**
**ഹെഡ്മിസ്ട്രസ്**

**അബ്ദുൽ ജബ്ബാർ സി എം**
**അറബിക് ടീച്ചർ**
**ഗവ: എൽ പി എസ് കണത്താർകുന്നം**

മേഖല : അക്കാദമികം

ഉപമേഖല : അറബിക്

ക്ലാസ്: 1

ഗവ : എൽ പി സ്കൂൾ കണ്ണന്താർകന്നം

അധ്യാപകൻ : അബ്ദുൽ ജബ്ബാർ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ◆ അറബി ഭാഷയുമായി പരിചയം ഉണ്ടാക്കുകയും ഭാഷയോട് ഇഷ്ടം ജനിപ്പിക്കുകയും സംസാരിക്കുന്നതിനുള്ള താത്പര്യം ഉണ്ടാക്കുകയും ചെയ്യുക. | ◆ ഇ ടെക്സ്റ്റിലെ സംഭാഷണങ്ങൾ കേൾപ്പിക്കുക.<br>◆ ക്ലാസ് മുറിയിൽ അറബി സംഭാഷണം അധികരിപ്പിക്കുക.<br>◆ ദൃശ്യ കഥകൾ പ്രദർശിപ്പിക്കുക. | ജൂൺ - മാർച്ച് | അധ്യാപകൻ അറബിക് ക്ലബ്ബ് | അധ്യാപകർ PTA |
| ◆ അക്ഷര രൂപ വ്യത്യാസം മനസ്സിലാക്കുക. | ◆ ലാംഗ്വേജ് ഗെയിംസ്. | ജൂൺ - മാർച്ച് | | |
| ◆ തെറ്റ് കൂടാതെ അക്ഷരങ്ങൾ വായിക്കുവാനുള്ള കഴിവ്, അക്ഷരങ്ങൾ ചിഹ്നങ്ങളോട്ടുകൂടി എഴുതുവാനുള്ള കഴിവ്, ലളിതമായ പദങ്ങൾ എഴുതുവാനുള്ള കഴിവ് എന്നിവ ഉണ്ടാക്കിയെടുക്കുക. | ◆ അക്ഷര വായന.<br>◆ ക്ലാസ് വായന.<br>◆ ചിത്ര വായന.<br>◆ വീട്ടു വായന .<br>◆ അക്ഷര കാർഡുകൾ ഉപയോഗിച്ച് വിവിധ തരം കളികൾ.<br>◆ ഇ വായന.<br>◆ അക്ഷര കാർഡ് നിർമ്മാണം. | ജൂൺ - മാർച്ച് | | |

മേഖല : അക്കാദമികം

ഉപമേഖല : അറബിക്

ക്ലാസ്: 2

ഗവ : എൽ പി സ്കൂൾ കണ്ണത്താർകുന്നം

അധ്യാപകൻ : അബ്ദുൽ ജബ്ബാർ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ◆ അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം വളർത്തിയെടുക്കുക. | ◆ E- ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക<br>◆ ക്ലാസ്സിൽ അറബി സംഭാഷണം അധികരിപ്പിക്കുക | ജൂൺ - മാർച്ച് | അധ്യാപകൻ അറബിക് ക്ലബ്ബ് | അധ്യാപകർ PTA |
| ◆ ലളിതമായ വാക്യങ്ങൾ വായിക്കാൻ പ്രാപ്തരാക്കുക. | ◆ കാർട്ടൂൺ പ്രദർശനം<br>◆ ലാംഗ്വേജ് ഗെയിംസ്<br>◆ ഒരു ദിനം ഒരു പദം | ജൂൺ - മാർച്ച് | | |
| ◆ സ്വതന്ത്രമായി വായിക്കാനുള്ള കഴിവ് നേടിയെടുക്കുക. | ◆ സ്കിറ്റുകളുടെ അവതരണം<br>◆ ലൈബ്രറി വായന<br>◆ ചിത്രകഥ വായന | | | |
| ◆ ചെറുവാക്യങ്ങൾ എഴുതാനുള്ള കഴിവ് വളർത്തിയെടുക്കുക | ◆ വായന മത്സരങ്ങൾ<br>◆ വിശേഷ ദിവസങ്ങളിൽ വായന മത്സരങ്ങൾ നടത്തുക | ജൂൺ - മാർച്ച് | | |

മേഖല : അക്കാദമികം
ഉപമേഖല : അറബിക്
ക്ലാസ്: 3

ഗവ : എൽ പി സ്കൂൾ കണ്ണന്താർകന്നം
അധ്യാപകൻ : അബ്ദുൽ ജബ്ബാർ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ◆ ലളിതമായ രീതിയിൽ അറബിയിൽ ആശയ വിനിമയം നടത്താനുള്ള കഴിവ് ഉണ്ടാക്കുക. | ◆ E ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക.<br>◆ ക്ലാസിൽ അറബി സംഭാഷണം അധികരിപ്പിക്കുക.<br>◆ കാർട്ടൂൺ പ്രദർശനം. | ജൂൺ - മാർച്ച് | അധ്യാപകൻ അറബിക് ക്ലബ്ബ് | അധ്യാപകർ PTA |
| ◆ സ്വതന്ത്ര വായനക്ക് പ്രാപ്തരാക്കൽ. | ◆ ലാംഗ്വേജ് ഗെയിംസ്<br>◆ ഒരു ദിനം ഒരു പദം.<br>◆ സ്കിറ്റുകളുടെ അവതരണം. | ജൂൺ - മാർച്ച് | | |
| ◆ വാക്യങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വളർത്തിയെടുക്കുക. | ◆ ലൈബ്രറി വായന.<br>◆ ചിത്രകഥ വായന.<br>◆ വായന മത്സരങ്ങൾ. | | | |
| ◆ ഒരു ദിനം ഒരു അറിവ് പദ്ധതി | ◆ സ്കൂൾ പ്രവർത്തി ദിവസങ്ങളിൽ വാട്സാപ്പ് ഗ്രൂപ്പിലൂടെ ചോദ്യവും ഉത്തരവും നൽകുക. | ജൂൺ - മാർച്ച് | | |

മേഖല : അക്കാദമികം

ഉപമേഖല : അറബിക്

ക്ലാസ് : 4

ഗവ : എൽ പി സ്കൂൾ കണ്ണത്താർകന്നാ

അധ്യാപകൻ : അബ്ദുൽ ജബ്ബാർ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ◆ നിത്യ ജീവിതത്തിൽ അറബിയിൽ ആശയ വിനിമയത്തിനുള്ള ശേഷി വളർത്തിയെടുക്കുക. | ◆ പ്രസംഗ മത്സരം.<br>◆ അറബിക് അസംബ്ലി.<br>◆ ലൈബ്രറി വായന. | ജൂൺ - മാർച്ച് | അധ്യാപകൻ<br>അറബിക് ക്ലബ്ബ് | അധ്യാപകർ<br>PTA |
| ◆ സ്വതന്ത്രമായ വായനശേഷി ശക്തിപ്പെടുത്തുക. | ◆ വായന മത്സരങ്ങൾ.<br>◆ E വായന. | ജൂൺ - മാർച്ച് | | |
| ◆ കുട്ടികളിൽ വായന താൽപര്യം ജനിപ്പിക്കുകയും പൊതുവിജ്ഞാനം വർദ്ധിപ്പിക്കുകയും ചെയ്യുക. | ◆ അറബിക് ക്ലബ്ബ് നോട്ടീസ് ബോർഡിൽ ഒരു വസ്തുവിന്റെ പേര് അറബി ഇംഗ്ലീഷ് മലയാളം എന്നീ ഭാഷകളിൽ പ്രദർശിപ്പിക്കുക. | ജൂൺ - മാർച്ച് | | |
| ◆ "A WORD IN DIFFERENT LANGUAGES" PROJECT | | | | |